**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6734** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഗവ. സ്കൂൾ നിർമ്മിക്കുന്നതിന് വഖഫ് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ആക്ട് സെക്ഷൻ 51 (IA) പ്രകാരം ഗവ. സ്കൂൾ നിർമ്മിക്കുന്നതിന് വഖഫ് ഭൂമി ഏറ്റെടുക്കുന്നതിനോ വിട്ട് കൊടുക്കുന്നതിനോ നിയമ പ്രശ്നങ്ങളോ മറ്റ് തടസ്സങ്ങളോ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 1995-ലെ വഖഫ് നിയമത്തിൽ 2013-ൽ ഉണ്ടായ നിയമ ഭേദഗതിയിലെ 51 (1-A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒഴിമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും പ്രസ്തുത നിയമത്തിലെ 51 (1A) വകുപ്പിലെ പ്രൊവൈസോ പ്രകാരം 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ടോ അല്ലെങ്കിൽ ഭൂമി എറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റ നിയമങ്ങളുടെയോ അടിസ്ഥാനത്തിൽ സംസ്ഥാന വഖഫ് ബോർഡുമായി കൂടിയാലോചിച്ച് പൊതുകാര്യത്തിനായി ഭൂമി എറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്. |
| (ബി) | 1919 മുതൽ വഖഫ് ഭൂമിയിൽ പ്രവർത്തിച്ച് വരുന്ന ഗവ. സ്കൂൾ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് വഖഫ് റൂൾസ്, 2019-ലെ ചട്ടം 81 പ്രകാരം വഖഫ് വസ്തുവിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണത്തിന് (കൂട്ടിചേർക്കൽ/പരിവർത്തനം) സംസ്ഥാന വഖഫ് ബോർഡിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്. |
| (സി) | അപ്രകാരം സ്കൂൾ നിർമ്മിക്കുന്ന ഭൂമിയുടെ അവകാശം ആരിൽ നിക്ഷിപ്തമായിരിക്കും എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വഖഫ് വസ്തുവിന്റെ അധികാരം പൂർണ്ണമായും ബന്ധപ്പെട്ട വഖഫിൽ നിക്ഷിപ്തമായിരിക്കും. |

സെക്ഷൻ ഓഫീസർ